**പതിനാലാം കേരളനിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1546** **03.05.2017-ൽ മറുപടിക്ക്**

## പോലീസ് സ്റ്റേഷനുകളിലും മറ്റും കൂട്ടിയിട്ടിരിക്കുന്ന തൊണ്ടി മുതലുകൾ ലേലം ചെയ്ത് വിൽക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. അബ്ദുറഹിമാൻ | ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) കേരളത്തിലെ പോലീസ് സ്റ്റേഷനുകളിലും കലക്ടറേറ്റ്, മറ്റ് റവന്യൂ ആസ്ഥാനങ്ങൾ തുടങ്ങിയവയുടെ പരിസരത്തും വാഹനങ്ങൾ ഉൾപ്പെടെയുള്ള നിരവധി തൊണ്ടിമുതലുകൾ വളരെയേറെ മാർഗ്ഗതടസ്സവും ശല്യമാവുകയും ഇവ ഉപയോഗ ശൂന്യമായി നശിക്കുകയും ചെയ്യുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) കുറ്റകൃത്യവുമായി ബന്ധപ്പെട്ടും ഉപേക്ഷിക്കപ്പെട്ട നിലയിലും സംശയകരമായ സാഹചര്യത്തിലും കാണപ്പെടുന്ന വാഹനങ്ങൾ കേസ് അന്വേഷണത്തിനും മറ്റു തെളിവ് ശേഖരണത്തിനും വേണ്ടി ബന്തവസ്സിൽ എടുക്കുകയും കോടതിയുടെ അനുമതിയോടുകൂടി ബന്ധപ്പെട്ട ഓഫീസ് പരിസരത്തും ഇതിനുവേണ്ടി പ്രത്യേകം വേർതിരിച്ചിരിക്കുന്ന സ്ഥലത്തും സൂക്ഷിക്കാറുണ്ട്. ഇതിന്റെ ബാഹുല്യം നിമിത്തം വാഹനങ്ങൾ സൂക്ഷിക്കുന്ന സ്ഥലങ്ങൾ തിങ്ങി നിറയുകയും ബുദ്ധിമുട്ടുകൾ ഉണ്ടാവുകയും ക്രമേണ നശിച്ചുപോവുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത്തരം തൊണ്ടിമുതലുകൾ നിശ്ചിത കാലയളവിനുശേഷം ലേലം ചെയ്ത് വിൽക്കുന്നതിനും ഈ തുക സർക്കാർ അക്കൗണ്ടിലോ ട്രഷറിയിലോ സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ; | (ബി) തൊണ്ടിമുതൽ ഒഴികെയുള്ളവ ലേലം ചെയ്തുവിൽക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. 15/12/2014-ലെ ജി. ഒ.(എം. എസ്) 550/2014/ഫിൻ പ്രകാരം വാഹനങ്ങൾ ലേലം ചെയ്യാൻ ബാംഗ്ലൂർ ആസ്ഥാനമായി എം.എസ്.റ്റി.സി ലിമിറ്റഡ് മുഖേന e-auction നടത്തുന്നതിന് മൂന്ന് വർഷത്തേക്ക് സർക്കാർ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പ്രസ്തുത സർക്കാർ നിർദേശം അനുസരിച്ച് e-auction നടത്തുന്നതിന് എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും നിർദേശം നൽകിയിട്ടുണ്ട്. |
| (സി) കേസിന് വിധി ലഭിക്കുമ്പോൾ അർഹരായവർക്ക് ഈ തുക നൽകുന്നത് ഏറെ പ്രയോജനകരമാകുമെന്നു സർക്കാർ കരുതുന്നുണ്ടോ; | (സി) കേസിന്റെ വിധി ലഭ്യമാകുന്ന മുറയ്ക്കു ഇത് സംബന്ധിച്ച് പരിശോധിച്ച് തീരുമാനിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | സ്ഥലപരിമിതി കാരണം വീർപ്പ് മുട്ടുന്ന ഇത്തരം ഓഫീസുകളുടെ സ്ഥല സൗകര്യം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം ബദൽ മാർഗ്ഗങ്ങളാണ് സർക്കാർ ഉദ്ദേശിക്കുന്നത്? | (ഡി) | പിടിച്ചെടുക്കുന്ന വാഹനങ്ങൾ സൂക്ഷിക്കുന്ന സ്ഥലം പ്രത്യേകം കണ്ടെത്തുന്നതിനായി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ WP(C) 26277/2014 ആയി ഒരു കേസ് തീർപ്പാക്കുകയും ആയതിൽ പറഞ്ഞിരിക്കുന്ന പ്രകാരം പ്രത്യേകം പ്രത്യേകം സ്ഥലങ്ങൾ കണ്ടെത്താൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ